DESPATCHED
On 02/08/21

28/7/21

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം–695 001**
**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 295(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
File No.3873/SIC-Gen4/2021

സന്നിഹിതൻ
ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി: 2021 ജൂലൈ 28

ശ്രീ. റെമിൽ,
വെള്ളാശ്ശേരി,
ജിമിനിവാസ്,
പി.ഒ. ചേലേമ്പ്ര,
മലപ്പുറം – 673 634.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സ്റ്റേഷൻ ഹൗസ് ഓഫീസർ,
   തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷൻ,
   മലപ്പുറം.

2. അപ്പീൽ അധികാരി &
   ഡി.വൈ.എസ്.പി.,
   ഡി.വൈ.എസ്.പി യുടെ കാര്യാലയം,
   മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 6.1.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 4.2.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 6.2.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 26.2.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.3.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 19.3.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29.3.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 23.4.2021 |
| ഹിയറിംഗ് (വീഡിയോ) തീയതി | 23.7.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം :<br>അപ്പീൽഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | <br>ഹാജരായി<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. റെമിൽ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിക്കാത്തതിനെ തുടർന്ന് നൽകിയ അപ്പീൽ അപേക്ഷയിന്മേൽ ഉത്തരവായിട്ടും രേഖകൾ ലഭിച്ചിട്ടില്ലെന്നും ആയതിനാൽ കൃത്യമായ രേഖകൾ നൽകുന്നതിനും നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 6.1.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ് :

i. 76/15 നമ്പർ കേസിലെ പുനരന്വേഷണം തൃപ്തികരമല്ലാത്തതിനെ തുടർന്ന് നൽകിയ പരാതിയ്ക്ക് ലഭിച്ച ഡി3/362/2017 (ആഭ്യന്തരം), കെ2-458/2018/പി.എച്ച്.ക്യു മറുപടിയിൽ 76/15 കേസുമായി ബന്ധപ്പെട്ട് കൂടുതൽ എന്തെങ്കിലും തെളിവ് ഹാജരാക്കാനുണ്ടെങ്കിൽ തേഞ്ഞിപ്പാലം എസ്.എച്ച്.ഒ മുമ്പാകെ ഹാജരാക്കാമെന്നത് പ്രകാരം 5.4.2019-ന് നൽകിയ ഇ-മെയിൽ പരാതിയ്ക്ക് എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്നും നടപടി എടുത്തിട്ടില്ലെങ്കിൽ എന്തുകൊണ്ട് എടുത്തില്ലെന്നും

ii. 76/15 കേസ് പുനരന്വേഷണം നടത്തിയതിലെ മാർണ്ണങ്ങാട്ട് അസ്സൈൻ, സാലിഷ്കുമാർ എന്നീ സാക്ഷികളുടെ മൊഴി പകർപ്പ് അനുവദിച്ച് നൽകണമെന്നും

iii. 7.4.2019-ന് തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷനിൽ നൽകിയ അതീവ ഗുരുതരമായ IAPS No.51520/19 എന്ന പരാതിയ്ക്ക് 30.1.2020 നാണ് 35/2020 പ്രകാരം കേസ് എടുത്തതെന്നും ഇങ്ങനെ കേസ് എടുക്കാൻ വൈകിയത് എന്തുകൊണ്ടെന്നും, തുടങ്ങി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 4.2.2021 തീയതി 01/21/ആർ.ടി.ഐ/ഡി3/2021 നമ്പറായി മറുപടി നൽകിയതായി കാണുന്നു. എന്നാൽ ഒന്നാം എതിർകക്ഷി കൃത്യമായ മറുപടി നൽകിയില്ലെന്ന് കാണിച്ച് 6.2.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് പൂർണ്ണമായ മറുപടി നൽകിയില്ലെന്നും കോടതി ആവശ്യത്തിനുള്ളതിനായതിനാൽ ടിയാൻ അക്കമിട്ട് നൽകിയ അപേക്ഷയ്ക്ക് കൃത്യമായ രേഖകൾ ഓഫീസ് സീൽ വച്ച് അനുവദിച്ച് നൽകണമെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ കൈവശത്തിലോ പ്രാപ്യമായതോ ആയ രേഖകളും വിവരങ്ങളും റെക്കോർഡുകളും ചട്ടങ്ങൾ പാലിച്ചു കൊണ്ട് എസ്.പി.ഐ.ഒ അനുവദിച്ചിട്ടില്ലെങ്കിൽ ആയത് അടിയന്തിരമായി അനുവദിക്കുന്നതിന് നിർദ്ദേശിക്കുന്നതിന് അപ്പീൽ അധികാരി എന്ന നിലയിൽ നടപടി സ്വീകരിക്കാവുന്നതാണെന്നും എന്നാൽ അപ്പീൽ ഹർജിയിൽ ആവശ്യപ്പെട്ട തരത്തിൽ അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച പരാതി സംബന്ധിച്ചും കേസുമായി ബന്ധപ്പെട്ടും

ഉന്നയിക്കുന്ന ആരോപണങ്ങളെ ബന്ധപ്പെടുത്തി അന്വേഷണമോ പരിശോധനയോ നടപടിയോ സ്വീകരിക്കുന്നതിന് അപ്പീൽ തീർപ്പിന്റെ ഭാഗമായി പരിമിതിയുള്ളതും ആയത് അപ്പീൽ ഹർജിക്കാരന് ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങളിൽ വിവരാവകാശ നിയമ പ്രകാരമല്ലാതെ കൃത്യമായ പരാതിയായി ഉന്നയിക്കാവുന്നതാണെന്നും പ്രസ്തുത സാഹചര്യത്തിൽ, 5.4.2019 തീയതിയിലെ ഇ-മെയിൽ പരാതിയിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ അപ്പീൽ ഹർജിക്കാരന് കൃത്യതയോടെ നൽകേണ്ടതുണ്ടെന്നു വ്യക്തമാക്കിയിട്ടുള്ളതിനാൽ ആയത് വ്യക്തതയോടെ അപ്പീൽ ഹർജിക്കാരന് നൽകുന്നതിനും 4, 7, 8 എന്നീ ചോദ്യങ്ങളുമായി ബന്ധപ്പെട്ട് അനുവദിച്ച രേഖകൾ അവ്യക്തമാണെന്നും 9, 10 ചോദ്യങ്ങൾക്കു മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും അപ്പീൽ ആക്ഷേപമായി ഉന്നയിക്കപ്പെട്ട പശ്ചാത്തലത്തിൽ അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടതും നിയമപരമായി അനുവദിക്കാവുന്നതും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ കൈവശത്തിലിരിക്കുന്നതുമായ മേൽ ചോദ്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളും രേഖകളും റിപ്പോർട്ടുകളും വ്യക്തയോടെ അപ്പീൽ ഹർജിക്കാരന് 7 ദിവസത്തിനകം ഹർജിക്കാരന്റെ വിലാസത്തിൽ സൗജന്യമായി ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകുന്നു എന്നും മറ്റുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുള്ളതാണെന്നും വീഴ്ചകൾ ഒന്നും സംഭവിച്ചിട്ടില്ലെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 5.4.2019 തീയതിയിലെ ഇ-മെയിൽ പരാതിയിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ അപ്പീൽ ഹർജിക്കാരന് കൃത്യതയോടെ നൽകേണ്ടതുണ്ടെന്നു വ്യക്തമാക്കിയിട്ടുള്ളതിനാൽ ആയത് വ്യക്തതയോടെ അപ്പീൽ ഹർജിക്കാരന് നൽകുന്നതിന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപ്പീൽ തീർപ്പിന്റെ ഭാഗമായി നിർദ്ദേശം നൽകിയിരുന്നതാണെന്നും 4, 7, 8 എന്നീ ചോദ്യങ്ങളുമായി ബന്ധപ്പെട്ട് അനുവദിച്ച രേഖകൾ അവ്യക്തമാണെന്നും 9, 10 ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന് അപ്പീൽ അപേക്ഷയിൽ ഉന്നയിക്കപ്പെട്ട പശ്ചാത്തലത്തിൽ അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടതും നിയമപരമായി അനുവദിക്കാവുന്നതും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ കൈവശത്തിൽ ഇരിക്കുന്നതുമായ മേൽ ചോദ്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളും റിപ്പോർട്ടുകളും വ്യക്തതയോടെ 7 ദിവസത്തിനകം ഹർജിക്കാരന്റെ വിലാസത്തിൽ സൗജന്യമായി ലഭ്യമാക്കണമെന്ന് 26.2.2021 തീയതിയിലെ 06/എസ്.ഡി.ഒ.എം/ആർ.ടി.ഐ/2021 നമ്പർ കത്ത് പ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ അപ്പീൽ ഹർജിക്കാരന് കൃത്യമായ രേഖകളും ന്യായമായ നഷ്ടപരിഹാരവും അനുവദിച്ച് നൽകണമെന്നാണ് അപ്പീൽ ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് കാണുന്നു. എന്നാൽ ഏതെല്ലാം രേഖകളാണ് ഒന്നാം അപ്പീൽ തീർപ്പിനുശേഷം ലഭിക്കുവാൻ ബാക്കിവന്നതെന്നോ ഏത് തരത്തിൽ എത്ര രൂപയാണ് ടിയാന് നഷ്ടം സംഭവിച്ചത് എന്നോ അപ്പീൽ ഹർജിയിൽ വ്യക്തമാക്കിയിട്ടില്ല. എന്നാൽ വിവരാവകാശ അപേക്ഷയും ഒന്നാം അപ്പീൽ അപേക്ഷയും സമയബന്ധിതമായി തീർപ്പാക്കി

എതിർകക്ഷികൾ മറുപടി നൽകിയിട്ടുള്ളതായും കാണുന്നു. ആയതിനാൽ നഷ്ട പരിഹാരം നൽകണമെന്ന കാര്യത്തിൽ മറ്റ് നടപടികൾ ഒന്നും കമ്മീഷൻ സ്വീകരിക്കുന്നില്ല. എന്നാൽ ഒന്നാം അപ്പീൽ തീർപ്പിന് ശേഷവും ടിയാൻ ആവശ്യപ്പെട്ട കൃത്യമായ രേഖകൾ ലഭിച്ചിട്ടില്ലെന്ന് ഹർജിക്കാരൻ ഹിയറിംഗ് വേളയിൽ അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും, ആയത് നൽകാമെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഉറപ്പ് നൽകിയിട്ടുള്ളതിനാലും ഏതെല്ലാം രേഖകളാണ് ടിയാന് ലഭിക്കാൻ ബാക്കിയുള്ളത് എന്ന് ഹർജിക്കാരനുമായി ബന്ധപ്പെട്ട് ടിയാന് ആവശ്യമുള്ള രേഖകളുടെ വ്യക്തമായ പകർപ്പുകൾ ഒന്നാം എതിർകക്ഷി 30.7.2021–നകം സൗജന്യമായി ഹർജിക്കാരന് നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിലെ തുടർ നടപടികൾ ഇന്നേ ദിവസം 2021 ജൂലൈ 28–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk